# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1423** **04.02.2019-ൽ മറുപടിയ്ക്ക്**

## മത്സ്യനയം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) | സംസ്ഥാന സർക്കാർ മത്സ്യനയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നയത്തിൽ ഊന്നൽ നൽകുന്നത് എന്തൊക്കെ കാര്യങ്ങൾ ക്കാണെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. സംസ്ഥാന മത്സ്യ മേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയ ങ്ങളിലെയും മത്സ്യ സമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോൽപാദനം വർദ്ധിപ്പിക്കുക, മത്സ്യ കൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യ കർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ ആളോഹരി വരുമാനത്തിന് തുല്യമായി ഉയർത്തികൊണ്ടു വരിക എന്നീ ദൗത്യങ്ങളിൽ ഊന്നൽ നൽകിയാണ് സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ചിട്ടുള്ളത്; |
| ബി) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച മത്സ്യകർഷകർക്ക് വിള ഗ്യാരന്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) | മത്സ്യങ്ങളുടെ സംരക്ഷണത്തി നായി അക്വാട്ടിക് ആരോഗ്യ ഹെൽത്ത് ലാബുകൾ സ്ഥാപി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യവികസനവുമായി ബന്ധപ്പെട്ട് 'Support Service for Aquaculture' എന്ന ഘടകത്തിൽ ഉൾപ്പെട്ട അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓടയം (വർക്കല), പന്നിവേലിച്ചിറ (പത്തനംതിട്ട), പള്ളം (കോട്ടയം), തേവര (എറണാകുളം), അഴീക്കോട് (തൃശ്ശൂർ), ചുള്ളിയാർ (പാലക്കാട്), ഉള്ളണം (പരപ്പനങ്ങാടി), വെള്ളയിൽ (കോഴിക്കോട്), |

തളിപ്പുഴ (വയനാട്), കണ്ണൂർ എന്നീ സ്ഥലങ്ങളിലായി 10 അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ എറണാകുളത്തെ തേവരയിലെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവ നിർമ്മാണ ത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**സെക്ഷൻ ആഫീസർ**